16/1/23

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1572(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.13042/SIC-Gen4/2022**

**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 12**

ശ്രീ. രഞ്ജിത്ത് പി. മനോഹർ,
അഡീഷണൽ ലേബർ കമ്മീഷണർ,
(വെൽഫെയർ ലേബർ കമ്മീഷണറുടെ കാര്യാലയം),
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം – 695 033.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ പി.ഒ., തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ പി.ഒ., തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 11.4.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.4.2022, 7.5.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.5.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 6.6.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 9.8.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 23.8.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.9.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 1.11.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 11.1.2023 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രഞ്ജിത്ത് പി. മനോഹർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ലേബർ കമ്മീഷണർ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവിധ തീയതികളിലായി സമർപ്പിച്ച 4

പരാതികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ ആയിരുന്നു എന്നും ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾക്ക് 237/- രൂപ ചലാൻ ഒടുക്കി രസീത് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചലാൻ ഹാജരാക്കി എന്നും എന്നാൽ രണ്ടാമതായി സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുന്ന മുറക്ക് നൽകാമെന്നാണ് അറിയിച്ചതെന്നുമാണ്. ആയതിനാൽ കമ്മീഷൻ ഇടപെട്ട് നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 11.4.2022 ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ വിവിധ തീയതികളിലായി നൽകിയ സമർപ്പണങ്ങളുടെ (4എണ്ണം) തുടർ നടപടി സ്വീകരിച്ചത് സംബന്ധിച്ച് അറിയിക്കണമെന്നും

ii. 31.3.2022 തീയതിയിലെ എൽ.സി.ഒ 876/2022ഇ(3) നമ്പർ മെമ്മോറാണ്ടം പ്രകാരം നൽകിയ സമർപ്പണങ്ങളിൽ പ്രതിപാദിച്ചിരുന്ന വിഷയങ്ങളിൽ ഉചിതമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ 10.2.2022 തീയതിയിലെ സമർപ്പണത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിലെ (4 എണ്ണം) ഫയലുകളുടെ കറന്റ് ഫയലുകളുടെയും നോട്ട് ഫയലുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുവദിക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 27.4.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടി പ്രകാരം ഹർജിക്കാരൻ ഫീസ് ഒടുക്കി ചലാൻ ഹാജരാക്കുകയും ടിയാൻ ആവശ്യപ്പെട്ട 4 സമർപ്പണങ്ങളിൽ 1, 3 4 എന്നിവ സംബന്ധിച്ച രേഖകൾ ലഭിക്കുകയും സമർപ്പണം 2 സംബന്ധിച്ച ഫയൽ ഓഫീസ് സൂക്ഷിപ്പിൽ നിന്നും കണ്ടെത്തുന്ന മുറയ്ക്ക് ആയത് സംബന്ധിച്ച വിവരം കൈമാറുന്നതാണെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 12.5.2022-ന് നൽകിയ ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചിട്ടുള്ളത്, 11.4.2022 തീയതിയിലെ വിവരാവകാശ അപേക്ഷ പരിഗണിച്ച് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 27.4.2022 തീയതിയായി ലഭ്യമാക്കിയ കത്തിൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതും ടി ഓഫീസിൽ ലഭ്യമായതുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ ഫീസ് ഒടുക്കി അസൽ രസീത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ വെളിച്ചത്തിൽ ടിയാൻ 4.5.2022 തീയതിയായി ലഭ്യമാക്കിയ ചലാൻ രസീതിന്റെ വെളിച്ചത്തിൽ 27.4.2022 തീയതിയിലെ കത്തിൽ രേഖപ്പെടുത്തിയിരുന്നതുമായ വിവരങ്ങൾ 7.5.2022 തീയതിയിലെ കത്ത് പ്രകാരം ലഭ്യമാക്കുകയും ചെയ്തു എന്നും ടി വിവരങ്ങൾ ലഭ്യമാക്കിയത് പരിശോധിച്ചാൽ എസ്.പി.ഐ.ഒയുടെ ഭാഗത്ത് നിന്നും ഒരു വിധത്തിലുള്ള ലംഘനവും കണ്ടെത്തുവാൻ കഴിയാത്തതും എസ്.പി.ഐ.ഒ ടി വിവരങ്ങൾ നിയമത്തിലെ ചട്ടം 7(1)-ൽ നിഷ്കർഷിക്കും പ്രകാരം യഥാസമയം ലഭ്യമാക്കിയതായും കണ്ടെത്തി എന്നുമാണ്. ഇക്കാരണത്താൽ വിവരാവകാശ നിയമ പ്രകാരം ടിയാൻ ലഭ്യമാക്കിയ അപേക്ഷയിൽ ടി നിയമത്തിൽ അനുശാസിക്കും പ്രകാരമുള്ള സമയക്രമത്തിൽ പി.ഐ.ഒ വിവരങ്ങൾ ലഭ്യമാക്കിയതായും ടിയാന്റെ അപ്പീൽ അപേക്ഷയിൽ രേഖപ്പെടുത്തിയതായ വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം ലഭ്യമാക്കിയ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളതല്ലെന്നും ടിയാൻ 12.3.2020 തീയതിയിൽ ടി ഓഫീസിൽ

ലഭ്യമാക്കിയെന്ന് അവകാശപ്പെട്ട് ആയത് ടിയാന് ടി ഓഫീസിൽ നിന്നും ലഭ്യമാക്കിയ 31.3.2022 തീയതിയിലെ മെമ്മോറാണ്ടത്തിലെ മറുപടിയിൽ രേഖപ്പെടുത്തിട്ടുണ്ടെന്ന് അവകാശപ്പെട്ട് ലഭ്യമാക്കിയ അപ്പീൽ പരാതി വാസ്തവവിരുദ്ധമായതിനാൽ ടിയാൻ പരാമർശപ്രകാരം ലഭ്യമാക്കിയ വിവരാവകാശ ഒന്നാം അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 25.10.2022 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 11.4.2022 തീയതിയിലെ അപേക്ഷയിൽ ക്രമ നമ്പർ 2 ആയി ആവശ്യപ്പെട്ടിരുന്നത് ടിയാൻ ലേബർ കമ്മീഷണർക്ക് 10.2.2022 തീയതിയായി ലഭ്യമാക്കിയിരുന്ന സമർപ്പണത്തിൽ ക്രമ നമ്പർ 2 ആയി രേഖപ്പെടുത്തിയ വിഷയത്തിൽ ടിയാൻ ഈ ഓഫീസിൽ ലഭ്യമാക്കി എന്ന് അവകാശപ്പെടുന്ന 12.3.2020 തീയതിയിലെ അപേക്ഷയിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ ഉൾക്കൊള്ളുന്ന ഫയലിന്റെയും കറന്റ് ഫയലിന്റെയും കുറിപ്പു ഫയലിന്റെയും പകർപ്പുകളാണ്. ഈ വിഷയം പരിശോധിച്ചതിൽ ടിയാൻ ആവശ്യപ്പെടുന്നതുപോലെ 12.3.2020 തീയതിയായി അത്തരത്തിൽ ഒരു അപേക്ഷ ടിയാൻ ടി ഓഫീസിൽ ലഭ്യമാക്കിയിട്ടുള്ളതായി ഓഫീസ് രേഖകളിൽ ഇല്ലാത്തതും ടി വിഷയം വിശദമായി പരിശോധിച്ചതിൽ ടിയാൻ ലഭ്യമാക്കി എന്ന് അവകാശപ്പെടുന്ന ടി അപേക്ഷയുടെ യാതൊരു വിവരവും ടിയാന്റെ പക്കലും ഓഫീസ് രേഖകളിൽ ഇല്ലാത്തതാണെന്ന് മനസിലാക്കുന്നു എന്നുമാണ്. മേൽപ്പടി വിഷയത്തിൽ ഹർജിക്കാരൻ ഉന്നയിക്കുന്നതുപോലെ 12.3.2020 തീയതിയായി ടിയാൻ മേൽപ്പടി ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നുള്ള രേഖകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിലേയ്ക്ക് അന്വേഷിച്ചവേളയിൽ അത്തരത്തിലൊരു രേഖകളും ടിയാന്റെ കൈവശം ഇല്ലായെന്ന് മനസ്സിലാക്കിയിട്ടുള്ളതും തുടർന്ന് ടി വിഷയത്തിൽ ഓഫീസ് രേഖകൾ പരിശോധിച്ചതിൽ ടിയാൻ അവകാശപ്പെടുന്നതായ 12.3.2020 തീയതിയിലെ അപേക്ഷ ടിയാൻ ഔദ്യോഗികമായോ അനൗദ്യോഗികമായോ മേൽപ്പടി ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലായെന്നും ആയത് സംബന്ധിച്ച് യാതൊരു വിവരവും മേൽപ്പടി ഓഫീസിലെ ഇൻവേർഡ് സെക്ഷനിലും ടി വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിലും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നുമാണ്. ടി വസ്തുതകളിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത് ടിയാൻ 12.3.2020 തീയതിയായി മേൽപ്പടി ഓഫീസിൽ ലഭ്യമാക്കിയെന്ന് അവകാശപ്പെടുന്ന അപേക്ഷ ടിയാൻ ലഭ്യമാക്കിയിട്ടില്ലാത്തതും ആയത് ഒന്നുകിൽ ടിയാന്റെ തെറ്റിദ്ധാരണയുടെ പിൻബലത്തിൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപവും അല്ലായെങ്കിൽ ആയത് ടിയാൻ മന;പൂർവ്വം ഓഫീസ് നടപടിക്രമങ്ങളെ തെറ്റായി ചിത്രീകരിക്കുന്നതിലേയ്ക്ക് ലഭ്യമാക്കിയ ആക്ഷേപമാണെന്നുമാണ്.

5. ലഭ്യമായ റിപ്പോർട്ടും അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരനേയും എസ്.പി.ഐ.ഒയേയും നേരിൽ കേട്ടതിന്റേയും അടിസ്ഥാനത്തിൽ ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സിനീയർ ഉദ്യോഗസ്ഥനായ ശ്രീ. രഞ്ജിത്ത് പി. മനോഹർ മുൻപ് സമർപ്പിച്ച നാല് പരാതികളിന്മേൽ സ്വീകരിച്ച നടപടിയുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട അപേക്ഷയിന്മേൽ 3 പരാതികളുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പും ഹർജിക്കാരന് നൽകുകയുണ്ടായി എന്നു കാണുന്നു. ഹർജിക്കാരൻ രണ്ടാമതായി സമർപ്പിച്ച പരാതി കണ്ടെത്താൻ എതിർകക്ഷിയുടെ ഓഫീസിന് കഴിയാത്തതിനാൽ ടി പരാതിയിന്മേൽ സ്വീകരിച്ച നടപടിയുടെ വിവരം/പകർപ്പ് ഹർജിക്കാരന് നൽകിയിട്ടില്ല. പ്രസ്തുത പരാതി ഓഫീസിൽ ലഭിച്ചതായോ ആയത് കണ്ടെടുക്കാനോ

കഴിഞ്ഞിട്ടില്ലായെന്നും ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. അതേ സമയം ടി പരാതി എതിർകക്ഷി ഓഫീസിന് നൽകിയെന്ന തെളിവ് ഹർജിക്കാരന്റെ പക്കലുമില്ല. ഈ വിഷയത്തിൽ എതിർകക്ഷികളെ കുറ്റപ്പെടുത്താൻ കമ്മീഷന് കഴിയില്ല. ആയതിനാൽ വിവരാവകാശ നിയമ പ്രകാരം ഈ വിഷയത്തിൽ നടപടി കൈക്കൊള്ളുവാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ ഹർജിക്കാരൻ പുതിയതായി ഒരു പരാതി വകുപ്പു തലവന് നൽകുകയും ആയതിന്മേൽ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടാവുന്നതുമാണെന്ന് ഹർജിക്കാരനോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി 12-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk